ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ, പി.ഒ, തിരുവനന്തപുരം പിൻ– 695035
Ph:0471-2302490 Fax:0471-2303025/2303080
**Email:** dhskerala@gmail.com **/Website:** www.dhs.kerala.gov.in

നം.ഇ.സി.1/101272/2019/ആ.വ.ഡ

തീയതി : 11.3.2022

# സർക്കുലർ

വിഷയം - ആ.വ.ഡ – വിജിലൻസ് – സർക്കാർ ആശുപത്രികളിൽ എത്തുന്ന രോഗികളോടും കൂട്ടിരിപ്പുകോരോടും ജീവനക്കാർ മോശമായി പെരുമാറുന്നുവെന്ന പരാതി -സംബന്ധിച്ച്.

സൂചന - നം.8250/2019/പി.കെ.ഡി/ബഹുമാനപ്പെട്ട സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തീയതി 29.1.2022

ആരോഗ്യവകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്കും സഹായികൾക്കും ഡോക്ടർമാർ ഉൾപ്പെടെയുള്ള ചില ജീവനക്കാരിൽ നിന്നും വളരെ മോശമായ പെരുമാറ്റവും മാനസിക പീഡനവും , ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതായി ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷനും , സർക്കാരിനും, വകുപ്പു മേധാവിയ്ക്കും ധാരാളം പരാതികൾ ലഭിച്ചു കൊണ്ടിരിക്കുകയാണ്. ഇത് ആരോഗ്യവകുപ്പിന് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പ് ഉണ്ടാകുന്നതിന് ഇടയാക്കുന്നു.

മേൽ സാഹചര്യത്തിൽ രോഗികളോടും കൂട്ടിരിപ്പുകാരോടും ആശുപത്രി ജീവനക്കാർ സൗമ്യമായും, സൗഹാർദ്ദപരമായും അനുകമ്പയോടും കൂടി പെരുമാറുകയും അപ്രകാരം സർക്കാർ ആശുപത്രികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകേണ്ടതുമാണ്. ഇത്തരത്തിൽ ജീവനക്കാർ മാന്യമായും സൗഹാർദ്ദപരമായ അനുകമ്പയോടും കൂടി പെരുമാറുന്നുവെന്ന് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഡോ.വി.ആർ.രാജു
ആരോഗ്യവകുപ്പ് ഡയറക്ടർ

m.s.a